ചെയ്യുന്നകാര്യം ധനസ്ഥിതി അനുവദിക്കുന്നപക്ഷം ഗവൺമെൻറ് ആലോചിക്കുന്നതാണ്. ചോദ്യത്തിൽ പറയുന്ന സ്ഥലങ്ങളിൽ കളങ്ങൾ ആവശ്യമുണ്ടോഎന്നു് അന്വേഷിച്ചുവരുന്നു.

Communication—Elangunnapuzha etc., villages

558. മിസ്റ്റർ കെ. പി. വള്ളോൻ.—എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, താമരവട്ടം എന്നീദേശങ്ങളിലുള്ള അധഃകൃതക്കും മറ്റും കിഴക്കുപടിഞ്ഞാറ് ഗതാഗതംചെയ്യുന്നതിൽ വളരെ അസൗകര്യം നേരിടുന്നതിനാൽ ടി സ്ഥലങ്ങളിൽ കിഴക്കുപടിഞ്ഞാറ് ഓരോ ഗവൺമെൻറുവഴികൾ ഉണ്ടാക്കി കൊടുക്കാൻ ഗവൺമെൻറിനു് ആലോചനയുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഞാറയ്ക്കൽ നിവാസികളായ അധഃകൃതരുടെ ആവശ്യാർത്ഥം അവിടെ കിഴക്കുപടിഞ്ഞാറായി ഒരുവഴിവെട്ടുന്നതിനു് എസ്റ്റിമേറ്റുചെയ്തുവരുന്നുണ്ടു്. മറ്റുസ്ഥലങ്ങളിൽ വഴികൾ തുറക്കുന്നതിനു് നാട്ടുകാരോമറ്റോ ആവശ്യപ്പെടാത്തതിനാൽ ആലോചനയ്ക്കു് അവസരം വന്നിട്ടില്ല.

Stipends for Depressed Classes—Public Works Department.

559. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറിൽ ഏറ്റവും പരിചയം സിദ്ധിച്ചിട്ടുള്ള അധഃകൃതരെ സെക്ഷൻ സൂപ്രണ്ടന്മാരായി നിയമിച്ചു് സ്റ്റയിപ്പൻറ് കൊടുത്തയോനങ്ങിനു് അയക്കുവാൻ ഗവൺമെണ്ടിനു് ഉദ്ദേശമുണ്ടോ.

(b) ടി ഡിപ്പാർട്ടുമെൻറിലെ കരിങ്കല്ലു് പാലങ്ങൾ മുതലായ ചെറിയ കൺട്രാക്ടുകൾ അധഃകൃതന്മാർക്ക് കൊടുത്തു് അവരെ സഹായിക്കാത്തതെന്തുകൊണ്ടാണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഇല്ല.

(b) അധഃകൃതർ കരിങ്കല്ലു് പാലങ്ങൾ മുതലായ ചെറിയ കൺട്രാക്ടുകൾക്കുതന്നെയല്ല, മറ്റെന്തുപണികൾക്കും തരിയായ ദാഹ്യാസു കൊടുക്കുന്നതായാൽ അവരുടെ ദാഹ്യാസുകൾ മറ്റുള്ള ജാതിക്കാരുടേപോലെതന്നെ യാതൊരു വ്യത്യാസവും കൂടാതെ നോക്കുന്നതാണ്. അധഃകൃതസംരക്ഷണ ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകുന്ന ഇത്തരം പണികൾ നിവൃത്തിയുള്ള ഇടത്തോളം അധഃകൃതരെത്തന്നെ ഏല്പിക്കുന്നതിനു് ഉത്തരവും അയച്ചിട്ടുണ്ടു്.

Bridge—Trikkur.

560. **Mr. T. A. Ramachandra Ayyar.**—Will the Government be pleased to state whether the Chief Engineer said in the Council that the construction of the bridge in the

LIBRARY ARCHIVES Kerala Legislative Assembly